## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2457

09-12-2014-ൽ മറുപടിക്ക്

### വ്യവസായ മേഖലയിൽ യെസ് സംഗമം വഴി പുതിയ സംരംഭങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. എസ്.ശർമ്മ<br>ശ്രീ. എ.എം.ആരിഫ്<br>ശ്രീ. ടി.വി.രാജേഷ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) വ്യവസായ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടന്ന യെസ് സംഗമം വഴി വ്യവസായ മേഖലയിൽ എന്തെല്ലാം പുതിയ സംരംഭങ്ങൾ തുടങ്ങാൻ ധാരണ യായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) സംരംഭകത്വ ആശയങ്ങൾ മനസ്സിലുള്ള വിദ്യാർത്ഥി - യുവതലമുറയെ സംരംഭകത്വ ത്തിലേയ്ക്ക് കൂടുതൽ ആകർഷിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് യുവ സംരംഭകത്വ സംഗമം 2014 സെപ്റ്റംബറിൽ കൊച്ചിയിൽ സംഘടിപ്പിച്ചത്. വിദ്യാർത്ഥി / യുവസംരംഭകരുടെ നൂതന ആശയങ്ങളുടെ പ്രദർശനവും, സംരംഭകത്വത്തിൽ വിജയിച്ച സംരംഭകരോടും, യുവസംരംഭകരോടും ആശയ വിനിമയം നടത്തുന്നതിനുള്ള അവസരവും പ്രസ്തുത സംഗമത്തിന്റെ ഭാഗമായി സംഘടിപ്പിക്കുകയുണ്ടായി. വിദ്യാർത്ഥി / യുവസംരംഭകർക്ക് നൂതന ആശയങ്ങളുടെ സാക്ഷാത്കാരത്തിനുള്ള മാർഗനിർദ്ദേശ ക്ലാസുകളും ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചു. യുവ സംരംഭകർക്ക് ആവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിലേയ്ക്കായുള്ള സീഡ് ഫണ്ടിങ്ങിന്റെ പ്രഖ്യാപനവും സംഗമത്തിന്റെ ഭാഗമായി നടക്കുകയുണ്ടായി. |
| (ബി) എന്തെല്ലാം കാര്യങ്ങൾ ലക്ഷ്യമിട്ടാണ് യെസ് സംഗമം സംഘടിപ്പിക്കുന്നതെന്നു വ്യക്തമാക്കുമോ ; | (ബി) കേരളത്തിലെ വിദ്യാർത്ഥി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ നൽകുന്നതിനുമായി 2011-ൽ സംസ്ഥാന സർക്കാർ സ്റ്റുഡന്റ് എൻട്രപ്രണർഷിപ്പ് പോളിസി പുറത്തിറക്കുകയുണ്ടായി. പ്രസ്തുത പോളിസിയെ അടിസ്ഥാനമാക്കി വിദ്യാർത്ഥി / യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ |

യാഥാർത്ഥ്യമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് 2014 സെപ്റ്റംബർ 12-ാം തീയതി യുവ സംരംഭക സംഗമം സംഘടിപ്പിച്ചത്, കൂടാതെ, യുവ സംരംഭകരുടെ സംരംഭകത്വ ആശയങ്ങൾക്ക് ആവശ്യമായ പ്രചോദനം നൽകുക, യുവതലമുറയെ തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളാക്കി മാറ്റുക, യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങൾ സാക്ഷാത്കരിക്കുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കുക, കേരളത്തെ യുവസംരംഭകരുടെ സംരംഭകത്വ കേന്ദ്രമാക്കി മാറ്റുക , സംരംഭകരുടെ നൂതന ആശയങ്ങളുടെ പ്രദർശനത്തിനായുള്ള വേദിയൊരുക്കുക എന്നീ കാര്യങ്ങൾ കൂടി ലക്ഷ്യമിട്ടാണ് യെസ് സംഗമം സംഘടിപ്പിച്ചത്.

**(സി)** ഇതിൽ ഏതെല്ലാം പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള ധാരണകൾ ഉണ്ടാക്കിയെന്ന് വ്യക്തമാക്കുമോ ?

സംരംഭകരുടെ ആശയങ്ങളെ വിജയിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദദ്ദേശങ്ങൾ നൽകുന്നതിലേയ്ക്കായുള്ള ഇൻക്യുബേഷൻ സ്പേസ്, മെൻഡറിംഗ് സപ്പോർട്ട്, ആശയങ്ങൾ സമർപ്പിക്കുന്നതിനുള്ള അവസരം, സാമ്പത്തിക സഹായം തുടങ്ങിയ സഹായങ്ങളാണ് 'യെസ്' സംഗമത്തിൽ യുവ സംരംഭകർ പ്രധാനമായും ആവശ്യപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ. മേൽ പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. സാമ്പത്തിക സഹായം - യുവ സംരംഭകർക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി കെ.എസ്.ഐ.ഡി.സി.യും, കെ.എഫ്.സി.യും സംയുക്തമായി ഒരു ധനകാര്യ സ്കീം ആരംഭിക്കാൻ തീരുമാനമായിട്ടുണ്ട്.
2. ആവശ്യമായ മെന്ററിംഗ് നൽകുന്നതിലേയ്ക്കായി കെ.എസ്.ഐ.ഡി.സി. ടൈ., സി.ഐ.ഐ എന്നീ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

3. ഇൻക്യുബേഷൻ സ്പേസ് യുവ സംരംഭകർക്കായി എറണാകുളം ജില്ലയിൽ കെ.എസ്.ഐ.ഡി.സി. യുടെ ഇൻക്യുബേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കൂടാതെ, കെ.എസ്.ഐ.ഡി.സി.യുടെ ഇൻക്യുബേഷൻ സെന്ററുകൾ കോഴിക്കോട്, അങ്കമാലി, തിരുവനന്തപുരം എന്നിവിടങ്ങളിലും സജ്ജമാക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. സംസ്ഥാനത്തെ വിവിധ കോളേജുകളിലും ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ